"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 07.01.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ 2010-11-ലെ 25 ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ ധനസഹായം നൽകുന്നതിനാവശ്യമായ ₹27,47,500/- ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന ഐ.എ.വൈ. തുകയിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.227/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/01/2021

പരാമർശം:- 1. സ.ഉ.(എം.എസ്) നം.52/2012/തസ്വഭവ, തീയതി 27/02/2012

2. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2020 ലെ കത്ത്

3. 07.01.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.7 നമ്പർ തീരുമാനം

ഉത്തരവ്

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2010-11-ൽ ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം 325 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ജനറൽ, പട്ടികജാതി, ഗുണഭോക്താക്കൾക്ക് 75,000/- രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1,25,000/- രൂപയുമായിരുന്നു ധനസഹായത്തിന്റെ നിരക്ക്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഇത് 2.00 ലക്ഷം രൂപ, 2.50 ലക്ഷം രൂപ എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയിലെ ഈ വർദ്ധിപ്പിച്ച നിരക്ക് തങ്ങൾക്കും ബാധകമാക്കണമെന്ന് 25 ഗുണഭോക്താക്കൾ ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ആറാഴ്ചയ്ക്കുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ബഹു.ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് 25 ഗുണഭോക്താക്കൾക്ക് പുതിയ നിരക്ക് പ്രകാരം സഹായം നൽകാൻ 27,47,500/- രൂപ ആവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാത്ത ഐ.എ.വൈ. തുകയിൽ നിന്നും ഇതു നൽകാൻ അനുമതി നൽകണമെന്ന ആവശ്യം പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി, നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ധനസഹായം നൽകുന്നതിന് ഈ തുക ഉപയോഗിക്കാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2.മേൽ വിവരിച്ച സാഹചര്യത്തിൽ, ടി 27,47,500/- രൂപ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന ഐ.എ.വൈ. തുകയിൽ നിന്ന് ഉപയോഗിക്കാൻ, നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എന്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ട് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.01.28 10:30:46 IST
Reason: Approved

സെക്ഷൻ ഓഫീസർ